കേരള സർക്കാർ

നം : 10075/എച്ച് 2/12/പൊ.മ.വ

പൊതുമരാമത്ത് (എച്ച്) വകുപ്പ്
തിരുവനന്തപുരം,
തീയതി, 21/06/2012

# സർക്കുലർ

വിഷയം : പൊ.മ.വ. - സംസ്ഥാനത്തെ പാലങ്ങൾക്ക് ടോൾ പിരിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുമ്പോഴുള്ള നിബന്ധനകളിൽ മാറ്റം വരുത്തി നിർദ്ദേശം നല്കുന്നു

സംസ്ഥാനത്തെ പാലങ്ങളുടെ ടോൾ പിരിവിനായി നിലവിൽ ടെണ്ടർ ക്ഷണിക്കുമ്പോൾ അഞ്ച് വർഷത്തെ മുൻപരിചയം വേണമെന്നുള്ള നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നവരുടെ എണ്ണം കുറയുന്നതായി കാണുന്നു. ആയതിനാൽ മത്സരാധിഷ്ഠിത സ്വഭാവത്തോടെ ടെണ്ടർ നടപടികളിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്നതിനായി നിലവിലുള്ള നിബന്ധനകളിൽ മാറ്റം വരുത്തുന്നത് ഉചിതമായിരിക്കും. അതുകൊണ്ട് സംസ്ഥാനത്തെ എല്ലാ പാലങ്ങളുടെയും ടോൾ പിരിവിനായി ടെണ്ടർ ക്ഷണിക്കുമ്പോൾ മുൻപരിചയം വേണമെന്നുള്ള നിബന്ധന ഒഴിവാക്കണമെന്നും, ബാങ്ക് ഗ്യാരൻറിയും സെക്യൂരിറ്റി ഡെപ്പോസിറ്റും വേണമെന്നുള്ള നിബന്ധന കൂടി ഉൾപ്പെടുത്തണമെന്നും ഇവ കർശനമായി പാലിക്കണമെന്നും നിർദ്ദേശം നല്കുന്നു.

പി.എച്ച്. കുര്യൻ
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ദേശീയപാത), പൊതുമരാമത്തു വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും), പൊതുമരാമത്തു വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ഡി & എ, പൊതുമരാമത്തു വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, കെ.എസ്.ടി.പി., പൊതുമരാമത്തു വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ ( എ & ഇ), തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), തൃശ്ശൂർ
മാനേജിംഗ് ഡയറക്ടർ, ആർ. ബി.ഡി.സി.കെ., പാലാരിവട്ടം, കൊച്ചി
മാനേജിംഗ് ഡയറക്ടർ, കെ.എസ്.സി.സി., വൈറ്റില, എറണാകുളം
ചീഫ് കോ-ഓഡിനേറ്റിങ്ങ് ഓഫീസർ, കെ.ആർ.എഫ്.ബി., തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി/വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ